# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 30.06.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമു രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഉത്തർപ്രദേശിലെത്തും.

   **President Droupadi Murmu will be on a two-day visit to Uttar Pradesh beginning today.**

2. റാഗിംഗ് വിരുദ്ധ ചട്ടങ്ങൾ പാലിക്കാത്തതിന് രാജ്യത്തുടനീളമുള്ള 89 സ്ഥാപനങ്ങൾക്ക് യുജിസി നോട്ടീസ്.

   **The UGC has issued a notice to 89 institutions across the country, for failing to comply with anti-ragging regulations.**

3. ട്രെയിൻ പുറപ്പെടുന്നതിന് എട്ട് മണിക്കൂർ മുമ്പ് റിസർവേഷൻ ചാർട്ടുകൾ തയ്യാറാക്കാൻ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് റെയിൽവേ ബോർഡിന് നിർദ്ദേശം നൽകി.

   **Railway Minister Ashwini Vaishnaw directs Railway board to initiate preparing reservation charts eight hours prior to train departure.**

4. സംസ്ഥാന പോലീസ് മേധാവി ഷെയ്ഖ് ദർവേഷ് സാഹിബ് ഇന്ന് വിരമിക്കും.

   **State Police Chief Sheikh Darvesh Sahib to retire today.**

5. അഞ്ച് വർഷത്തെ ഇടവേളയ്ക്ക് ശേഷം കൈലാസ് മാനസ സരോവർ യാത്ര ഇന്നു പുനരാരംഭിക്കും.

   **The Kailash Mansarovar Yatra will begin today, after a gap of five years.**

6. ഇന്ത്യൻ ബാഡ്മിന്റൺ താരം ആയുഷ് ഷെട്ടിക്ക് യു എസ് ഓപ്പൺ ബാഡ്മിന്റൺ പുരുഷ സിംഗിൾസ് കിരീടം.

   **In Badminton,India's Ayush Shetty won a BWF World Tour title by clinching the US Open 2025.**

*******************************************

## PREZ – UTTAR PRADESH

രാഷ്ട്രപതി ദ്രൗപദി മുർമു രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഉത്തർപ്രദേശിലെത്തും. ബറേലിയിലെ ഇന്ത്യൻ വെറ്ററിനറി റിസർച്ച് ഇൻസ്റ്റിറ്റ്യൂറ്റിന്റെയും ഗോരഖ്പൂർ എയിംസിൻറെയും ബിരുദദാന ചടങ്ങിൽ പങ്കെടുക്കും. നാളെ ഗോരഖ്പൂർ ആയുഷ് സർവകലാശാലയും മഹായോഗി ഗോരഖ്നാഥ് സർവകലാശാലയും സന്ദർശിക്കും.

*******************************************

## TELANGANA – AMIT SHAH (INTRO)

2026 മാർച്ച് 31-നകം ഇന്ത്യയെ മാവോയിസ്റ്റുകളിൽ നിന്ന് മുക്തമാക്കുമെന്ന് ആവർത്തിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. തെലങ്കാനയിലെ നിസാമാബാദിൽ നടന്ന കിസാൻ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ആയുധങ്ങൾ കൈവശം വച്ചിരിക്കുന്ന തീവ്രവാദികളുമായി ചർച്ച നടത്തില്ലെന്നും ആയുധങ്ങൾ ഉപേക്ഷിച്ച് മുഖ്യധാരയിൽ ചേരണമെന്നും മാവോയിസ്റ്റുകളോട് ശ്രീ ഷാ ആവശ്യപ്പെട്ടു.

(വോയിസ്)

*******************************************

## OM BIRLA – CPA CONFERENCE

കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷൻ രണ്ടാമത്തെ മേഖലയുടെ വാർഷിക സമ്മേളനം ഇന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള ഉദ്ഘാടനം ചെയ്യും. ധർമ്മശാലയിലെ തപോവനിലാണ് സമ്മേളനം. ഡൽഹി, ഹരിയാന, ഹിമാചൽ പ്രദേശ്, ജമ്മു കശ്മീർ, പഞ്ചാബ് എന്നീ സംസ്ഥാനങ്ങൾ ഈ മേഖലയിൽ ഉൾപ്പെടുന്നു.

*******************************************

## JAISHANKAR – US VISIT

നാളെ നടക്കാനിരിക്കുന്ന ക്വാഡ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കുന്നതിനായി വിദേശകാര്യ മന്ത്രി എസ് ജയശങ്കർ ഇന്ന് അമേരിക്കയിലേക്ക് തിരിക്കും. സ്വതന്ത്രവും സുരക്ഷിതവുമായ ഇന്തോ-പസഫിക് മേഖലയ്ക്കായി പൊതു കാഴ്ചപ്പാട് രൂപീകരിക്കുന്നതിനുള്ള പുതിയ നിർദ്ദേശങ്ങളിൽ ക്വാഡ് നേതൃത്വം ശ്രദ്ധ കേന്ദ്രീകരിക്കുമെന്ന് വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

*******************************************************

## UGC – RAGGING

റാഗിംഗ് വിരുദ്ധ ചട്ടങ്ങൾ പാലിക്കാത്തതിന് രാജ്യത്തുടനീളമുള്ള 89 സ്ഥാപനങ്ങൾക്ക് യുജിസി നോട്ടീസ്. 2009-ലെ റാഗിംഗ് സംബന്ധിച്ച യുജിസി മാനദണ്ഡങ്ങൾ അനുസരിച്ച്, യുജിസിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ സ്ഥാപനങ്ങളും വിദ്യാർത്ഥികളിൽ നിന്ന് സമ്മതപത്രവും റാഗിങ് വിരുദ്ധ പ്രസ്താവനയും സമർപ്പിക്കണം. ഇതിൽ വീഴ്ച വരുത്തിയ നാല് ഐഐടികൾ, മൂന്ന് ഐഐഎമ്മുകൾ, അലിഗഡ് മുസ്ലിം യൂണിവേഴ്സിറ്റി എന്നിവയുൾപ്പെടെയുള്ള സ്ഥാപനങ്ങൾക്കാണ് നോട്ടീസ്. പാലക്കാട് ഐഐടിയും ഇതിൽ ഉൾപ്പെടുന്നു.

*******************************************************

## ASHWINI VAISHNAV

ട്രെയിൻ പുറപ്പെടുന്നതിന് എട്ട് മണിക്കൂർ മുമ്പ് റിസർവേഷൻ ചാർട്ടുകൾ തയ്യാറാക്കാൻ റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് റെയിൽവേ ബോർഡിന് നിർദ്ദേശം നൽകി. വെയിറ്റ്ലിസ്റ്റ് ടിക്കറ്റുള്ള യാത്രക്കാർക്ക് കൂടുതൽ ഗുണം ചെയ്യുന്നതാണ് ഇത്. ടിക്കറ്റ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുമെന്നും ശ്രീ വൈഷ്ണവ് പറഞ്ഞു. ഈ വർഷം ഡിസംബറോടെ ആധുനിക ട്രെയിൻ യാത്രാ റിസർവേഷൻ സംവിധാനം നിലവിൽ വരുമെന്നും കേന്ദ്ര മന്ത്രി വ്യക്തമാക്കി.

*******************************************

## PURI – STAMPEDE

ഒഡീഷയിലെ പുരിയിൽ ശ്രീ ഗുണ്ടിച്ച ക്ഷേത്രത്തിലുണ്ടായ തിക്കിലും തിരക്കിലും പെട്ട് രണ്ട് സ്ത്രീകൾ ഉൾപ്പെടെ മൂന്ന് ഭക്തർ മരിച്ച സംഭവത്തിൽ സമഗ്ര അന്വേഷണത്തിന് ഉത്തരവിട്ട് ഒഡീഷ സർക്കാർ. മരണമടഞ്ഞവരുടെ കുടുംബത്തിന് സംസ്ഥാന സർക്കാർ ഇരുപത്തിയഞ്ച് ലക്ഷം രൂപ വീതം നഷ്ടപരിഹാരം പ്രഖ്യാപിച്ചു. സംഭവത്തെത്തുടർന്ന് പുരിയിലെ ജില്ലാ മജിസ്ട്രേറ്റിനെയും പോലീസ് സൂപ്രണ്ടിനെയും സർക്കാർ സ്ഥലം മാറ്റി. പുരിയിലെ രഥയാത്ര മഹോത്സവത്തിനിടയിലാണ് അപകടം ഉണ്ടായത്.

*******************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

*******************************************

## DGP RETIREMENT

സംസ്ഥാന പോലീസ് മേധാവി ഷെയ്ഖ് ദർവേഷ് സാഹിബ് ഇന്ന് വിരമിക്കും. 1991 ബാച്ച് കേരള കേഡർ ഐ പി എസ് ഉദ്യോഗസ്ഥനാണ് അദ്ദേഹം രണ്ട് വർഷം പോലീസ് മേധാവിയായി സേവനം അനുഷ്ഠിച്ചു. വിശിഷ്ടസേവനത്തിന് 2016 ൽ രാഷ്ട്രപതിയുടെ പോലീസ് മെഡലും, 2007 ൽ ഇന്ത്യൻ പോലീസ് മെഡലും ലഭിച്ചിട്ടുണ്ട്. ഡി ജി പി യ്ക്കുള്ള പോലീസ് സേനയുടെ വിടവാങ്ങൽ പരേഡ് രാവിലെ തിരുവനന്തപുരം എസ് എ പി പരേഡ് ഗ്രൗണ്ടിൽ നടക്കും. പോലീസ് ആസ്ഥാനത്ത് യാത്ര അയപ്പ് ചടങ്ങ് സംഘടിപ്പിച്ചിട്ടുണ്ട്. പുതിയ സംസ്ഥാന പോലീസ് മേധാവിയെ ഇന്ന് പ്രഖ്യാപിച്ചേക്കും.

***********************************************

## RAIN

സംസ്ഥാനത്ത് മഴയുടെ ശക്തി കുറഞ്ഞു. വരും ദിവസങ്ങളിൽ തെളിഞ്ഞ കാലാവസ്ഥ ആയിരിക്കുമെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

***********************************************

## MULLAPERIYAR.. INTRO

ഡാം തുറന്ന് വെള്ളം പുറത്തേക്ക് ഒഴുക്കാൻ തുടങ്ങിയെങ്കിലും മുല്ലപ്പെരിയാറിൽ ജലനിരപ്പ് റൂൾ കർവ് ലെവലിന് മുകളിൽ തുടരുന്നു. നിലവിൽ 136.40 അടിയാണ് ജലനിരപ്പ്. 136 അടി എന്നുള്ള റൂൾ കർവ്വ് ഇന്ന് അവസാനിക്കും. ഇടുക്കി ഡാമിലെ ജലനിരപ്പ് 2363.10 അടിയിലെത്തി.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.**

(വോയ്സ്)

***********************************************

## MONSOON-ENTIRE COUNTRY

രാജ്യമൊട്ടാകെ കാലവർഷം എത്തിച്ചേർന്നതായി കേന്ദ്ര കലാവസ്ഥാവകുപ്പ്. സാധാരണയിൽ നിന്ന് ഒൻപത് ദിവസം മുൻപാണ് ഇത്തവണ മൺസൂൺ എത്തിയത്. ഒഡീഷ, ബീഹാർ, മധ്യപ്രദേശ്, ഛത്തീസ്ഗഡ്, ജാർഖണ്ഡ്, എന്നീ സംസ്ഥാനങ്ങളിൽ അടുത്തമാസം അഞ്ച് വരെ കനത്ത മഴ തുടരുമെന്ന് മുന്നറിയിപ്പുണ്ട്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ അതിശക്തമായ മഴ തുടരുമെന്ന് കേന്ദ്രകലാവസ്ഥാവകുപ്പ് അറിയിച്ചു.

***********************************************

## KAILASH MANSAROVAR YATRA

അഞ്ച് വർഷത്തെ ഇടവേളയ്ക്ക് ശേഷം കൈലാസ് മാനസ സരോവർ യാത്ര ഇന്നു പുനരാരംഭിക്കും. കോവിഡ് വ്യാപനത്തെ തുടർന്ന് 2020 ൽ തീർത്ഥാടനം നിർത്തിവച്ചിരുന്നു. ഈ വർഷം, സിക്കിമിലെ നാഥുല ചുരം, ഉത്തരാഖണ്ഡിലെ ലിപുലേഖ് ചുരം എന്നിവ വഴിയാണ് യാത്ര സംഘടിപ്പിച്ചിരിക്കുന്നത്.

*******************************************

## BADMINTON – US OPEN

ഇന്ത്യൻ ബാഡ്മിന്റൺ താരം ആയുഷ് ഷെട്ടിക്ക് യു എസ് ഓപ്പൺ ബാഡ്മിന്റൺ പുരുഷ സിംഗിൾസ് കിരീടം. ലോക ബാഡ്മിന്റൺ ഫെഡറേഷന്റെ വേൾഡ് ടൂർ കിരീടം നേടുന്ന ആദ്യ ഇന്ത്യക്കാരനാണ് ആയുഷ്. ഫൈനലിൽ കാനഡയുടെ ബ്രയാൻ യാങ്ങിനെയാണ് ആയുഷ് ഷെട്ടി പരാജയപ്പെടുത്തിയത്. വനിതാ സിംഗിൾസ് ഫൈനലിൽ ഇന്ത്യയുടെ തൻവി ശർമ്മ ടോപ് സീഡായ അമേരിക്കയുടെ ബീവൻ ഷാങ്ങിനോട് പരാജയപ്പെട്ടു.

*******************************************

## TAMILNADU CM-FISHERMEN

മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ സംയമനവും പരസ്പര ധാരണയും ഉറപ്പാക്കാൻ ശ്രീലങ്കൻ സർക്കാരിനോട് ആവശ്യപ്പെടണമെന്ന് തമിഴ്നാട് മുഖ്യമന്ത്രി എം.കെ.സ്റ്റാലിൻ വിദേശകാര്യ മന്ത്രി എസ്.ജയ്ശങ്കറിനോട് അഭ്യർത്ഥിച്ചു. ശ്രീലങ്കയിൽ പിടിയിലാകുന്ന മത്സ്യത്തൊഴിലാളികളെയും അവരുടെ മത്സ്യബന്ധന ബോട്ടിനെയും തിരിച്ചയയ്ക്കുന്നത് സംബന്ധിച്ച് നടപടി എടുക്കണമെന്നും ശ്രീ ജയ്ശങ്കറിനയച്ച കത്തിൽ ആവശ്യപ്പെട്ടു. രാമേശ്വരത്ത് നിന്നുള്ള എട്ട് മത്സ്യത്തൊഴിലാളികളുള്ള ഒരു യന്ത്രവൽകൃത മത്സ്യബന്ധന ബോട്ടാണ് ശ്രീലങ്കൻ അധികൃതർ ഇന്നലെ പിടികൂടിയത് .

*******************************************

## NEWBORN BABIES

തൃശൂർ പുതുക്കാട് നവജാത ശിശുക്കളെ കുഴിച്ചിട്ട സംഭവത്തിൽ മാതാപിതാക്കൾ കസ്റ്റഡിയിൽ. രണ്ട് തവണയായി ജനിച്ച കുഞ്ഞുങ്ങളെ, കൊലപ്പെടുത്തിയ ശേഷം കുഴിച്ചിട്ടതാണോ എന്നതിൽ പോലീസ് അന്വേഷണം തുടങ്ങി.

*******************************************

## IAEA – IRAN

വ്യോമാക്രമണങ്ങളിൽ ഇറാന്റെ ആണവ പദ്ധതികൾ തകർത്തു എന്ന അമേരിക്കയുടെ വാദം അവിശ്വസനീയമാണെന്ന് ഐക്യ രാഷ്ട്ര സഭ ആണവ നിരീക്ഷണ ഏജൻസിയുടെ തലവൻ റാഫേൽ ഗ്രോസി പറഞ്ഞു. യുറേനിയം സമ്പുഷ്ടീകരണം പുനരാരംഭിക്കാനുള്ള ശേഷി ടെഹ്റാൻ ഇപ്പോഴും നിലനിർത്തുന്നുണ്ടെന്ന് ഒരു ടിവി ചാനലിന് നൽകിയ അഭിമുഖത്തിൽ അന്താരാഷ്ട്ര ആണവ നിരീക്ഷണ ഏജൻസി ഡയറക്ടർ ജനറൽ ഗ്രോസി അഭിപ്രായപ്പെട്ടു. യുഎസ് വ്യോമാക്രമണങ്ങളിൽ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും അതിന്റെ ആഘാതം കുറവാണെന്ന് അദ്ദേഹം പറഞ്ഞു.

*******************************************

## FILE ADALATH

പൊതുജനങ്ങളുടെ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ഫയൽ അദാലത്ത് നാളെ മുതൽ ഓഗസ്റ്റ് 31 വരെ നടക്കും. ഇതിനായുള്ള മാർഗനിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചു. ഈ വർഷം മെയ് 31 വരെയുള്ള ഫയലുകൾ വേഗത്തിൽ തീർപ്പാക്കാനാണ് ലക്ഷ്യമിടുന്നത്.

*******************************************

## SUPPLEMENTARY ALLOTMENT

വൊക്കേഷണൽ ഹയർ സെക്കൻഡറി മുഖ്യ അലോട്ട്മെന്റിൽ, സീറ്റ് ലഭിക്കാതിരുന്നവർക്കും ഇതുവരെയും അപേക്ഷ നൽകാൻ കഴിയാതിരുന്നവർക്കും സപ്ലിമെന്ററി അലോട്ട്മെന്റിന് ഇന്ന് വൈകിട്ട് വരെ അപേക്ഷിക്കാം. മുഖ്യഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ചിട്ട് പ്രവേശനത്തിന് ഹാജരാകാത്തവർക്കും ഈ ഘട്ടത്തിൽ വീണ്ടും അപേക്ഷിക്കാം.

*********************************************

## KERALA MEDIA ACADEMY

2024 ലെ കേരള മീഡിയ അക്കാദമി മാധ്യമ അവാർഡ് പ്രഖ്യാപിച്ചു. ഏഴുപേർക്കാണ് അവാർഡ്. 25000 രൂപയും പ്രശസ്തി പത്രവും ശിൽപവും അടങ്ങുന്ന പുരസ്കാരം ഓഗസ്റ്റിൽ നടക്കുന്ന മാധ്യമ കോൺക്ലേവിൽ സമ്മാനിക്കുമെന്ന് അക്കാദമി ചെയർമാൻ അറിയിച്ചു.

*********************************************

## CHIEF MINISTER

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കോഴിക്കോട് ജില്ലയിൽ വിവിധ പരിപാടികളിൽ സംബന്ധിക്കും. രാവിലെ കോഴിക്കോട് ബീച്ചിൽ SFI അഖിലേന്ത്യാ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുന്ന മുഖ്യമന്ത്രി വൈകിട്ട് വടകര മുൻസിപ്പൽ ഓഫീസ് കം ഷോപ്പിംഗ് കോപ്ലക്സിൻറെയും ഉദ്ഘാടനം നിർവഹിക്കും.

*****************************************************************************************

*********************************************